**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1177

13.6.2013 ൽ
മറുപടിയ്ക്ക്

## വിലക്കയറ്റം നിയന്ത്രണവും ഭക്ഷ്യസുരക്ഷയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) റേഷൻ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ? | ബി) എഫ്.സി.ഐയിൽ നിന്നും റേഷൻ സാധനങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നു. റേഷൻ സാധനങ്ങൾ കയറ്റി ക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരുകയും ചെയ്യുന്നു. ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവയ്പ്, മറിച്ചു വിൽപ്പന, കരിഞ്ചന്തയിലെ വിൽപ്പന മുതലായവ തടയുന്നതിനും സർക്കാർ സബ്സിഡി നൽകി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിലേയ്ക്കുമായി സ്ക്വാഡുകൾ രൂപീകരിക്കുകയും പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു. സംസ്ഥാനത്തെ റേഷൻ കടകളിലൂടെയുള്ള പ്രതിമാസ ലഭ്യത പത്രക്കുറിപ്പായി പരസ്യപ്പെടുത്തുകയും ബന്ധപ്പെട്ട പരാതികൾ താലൂക്ക്/ജില്ല/ കമ്മീഷണറേറ്റ് ആഫീസുകളിലോ 1800-425-1550 എന്ന ടോൾഫ്രീ നമ്പറിലോ വിളിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ റേഷൻ വിതരണം സുതാര്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം

വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 2011 സെപ്റ്റംബർ 1 മുതൽ ബി.പി.എൽ/എ.എ.വൈ കാർഡുടമകൾക്ക് 1 രൂപ നിരക്കിൽ അരി വിതരണ പദ്ധതി ആരംഭിച്ചു. 70%എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് രണ്ട് രൂപ നിരക്കിൽ ഭക്ഷ്യധാന്യ വിതരണ പദ്ധതി നടത്തി വരുന്നു. ഇതിന് വലിയൊരു തുക സർക്കാർ സബ്സിഡി യിനത്തിൽ ചെലവഴിക്കുന്നു. ഈ സാമ്പത്തിക വർഷത്തിൽ 600 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അരിയുടെ വില വർദ്ധിപ്പിക്കാനിടയുള്ള സാഹചര്യങ്ങളെ മുൻകൂട്ടി കണ്ട് അതിനെതിരെ കർശന നടപടികൾ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ പൂഴ്ത്തി വയ്പ്, മറിച്ച് വിൽപ്പന, കരിഞ്ചന്തയിലെ വിൽപ്പന മുതലായവ തടയുന്നതിനും സർക്കാർ സബ്സിഡി നൽകി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ആഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ആഫീസറുടെ നേതൃത്വത്തിലും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

വിപണിയിലുണ്ടാകുന്ന വില വർദ്ധന നിയന്ത്രിക്കുന്നതിനായും അതുവഴി പൊതുജന ങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി. ഇതനുസരിച്ച് -

1. നിത്യോപയോഗസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വിലനിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ മാവേലി/ സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റുവരുന്നു.
2. പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം അരി(മട്ട, പച്ചരി)ക്ക് കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിരക്കിലും കുറുവ അരി 19 രൂപ നിരക്കിലും പ്രതി മാസം കാർഡൊന്നിന് 20 കി.ഗ്രാം വരെ വിതരണം ചെയ്തു വരുന്നു. കൂടാതെ ഒ.എം. എസ്.എസ് പ്രകാരം പുഴുക്കലരി 19.50 രൂപ, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തു വരുന്നു.
3. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ വിലയ്ക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിന് പുറമെ ആദിവാസി/ തീരദേശ മേഖലകളിൽ നിത്യോപയോഗസാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.
4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവ യുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധന ങ്ങളുടെ ദുരുപയോഗസാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.
5. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.
6. എ.ആർ.ഡി, ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.
7. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം. സി.ജി സാധനങ്ങൾ എം.ആർ.പി യെക്കാളും ശരാശരി 10% -30% വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ എം.ആർ.പി യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.
8. പൊതുവിപണിയിലേതിനെക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻ പുളി, ഏലം എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.
9. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

കൺസ്യൂമർഫെഡിന്റെ 249 ത്രിവേണിസ്റ്റോറുകളിലൂടെയും, ഫെഡറേഷന്റെ നേതൃത്വ ത്തിൽ പ്രാഥമിക സഹകരണസംഘങ്ങൾ നടത്തുന്ന 1200 ഓളം നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും, സഹകരണസംഘങ്ങൾ നടത്തുന്നവയുമായ 2050 നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തി സംസ്ഥാനത്തെ പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നുണ്ട്.

Beena
സെക്ഷൻ ഓഫീസർ.